**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപ ജില്ലയിലെ കുറവന്തേരി യു.പി. സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. ഹമീദിന് കെ-ടെറ്റ് യോഗ്യതയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.383/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 17/01/2022

---

പരാമർശം:-

1. 25/07/2012 ലെ സ.ഉ.(പി) 244/12/പൊ.വി.വ നമ്പർ ഉത്തരവ്
2. കുറവന്തേരി യു.പി. സ്കൂൾ മാനേജരുടെ 13/07/2019 ലെ റിവിഷൻ ഹർജി
3. നാദാപുരം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/09/2019 ലെ സി 3170/19 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപ ജില്ലയിലെ കുറവന്തേരി യു.പി. സ്കൂളിൽ അറബിക് അദ്ധ്യാപകനായി 09/07/2018 മുതൽ നിയമിതനായ ശ്രീ. ഹമീദ് കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ തന്റെ 2012 ന് മുൻപുള്ള സേവനം പരിഗണിച്ച് കെ-ടെറ്റ് നേടുന്നതിൽ ഇളവ് അനുവദിക്കണമെന്നും അപ്രകാരം തന്റെ നിയമനം അംഗീകരിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കുറവന്തേരി യു.പി. സ്കൂൾ മാനേജർ പരാമർശം 2 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചു.

2. പരാമർശം 1 ഖണ്ഡിക (ii) പ്രകാരം , 25/07/2012 വരെയുള്ള 51 എ, 51 ബി അവകാശികളെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

3. സർക്കാർ ഈ വിഷയം നിലവിലുള്ള റൂളുകൾ/ചട്ടങ്ങൾ എന്നിവയുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. നാദാപുരം ഉപജില്ലയിലെ കുറവന്തേരി യു.പി. സ്കൂൾ, അറബിക് അദ്ധ്യാപകനായ ശ്രീ. സികെ അബ്ദുൽ റഹിം 01/07/2002 മുതൽ 30/06/2005 വരെയും 01/07/2005 മുതൽ 30/06/2010 വരെയും ശൂന്യ വേതന അവധി എടുത്ത ഒഴിവിൽ ശ്രീ. എ. ഹമീദിനെ മാനേജർ നിയമിക്കുകയും നിയമനം അംഗീകരിക്കുകയും ചെയ്തു. അവധി ഒഴിവിൽ ജോലി ചെയ്യവേ ടി അദ്ധ്യാപകൻ 03/12/2007 ന്ന സ്വയം രാജി വച്ച് ഒഴിഞ്ഞു. കെ.ഇ.ആർ ചട്ടം 49, 52 പ്രകാരമോ Termination of vacancies കാരണമോ റിലീവ് ചെയ്യപ്പെട്ട വ്യക്തിയല്ലാത്തതിനാൽ ശ്രീ എ. ഹമീദിന് 51 എ അവകാശം സിദ്ധിക്കുന്നില്ല. പിന്നീട് മാനേജർ 09/07/2018 മുതൽ യു.പി.എസ്.ടി ആയി ടിയാളെ നിയമിക്കുകയും മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതിനാൽ ശ്രീ ഹമീദ് ഉൾപ്പെടെയുള്ള 6 പേരുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ചെയ്തു. ഇതിനെതിരെ ശ്രീ ഹമീദും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീ ഹമീദ് അടക്കമുള്ളവരുടെ നിയമനം അംഗീകരിച്ചു നൽകുവാൻ സർക്കാർ ഉത്തരവായിരുന്നു.

5. ശ്രീ. ഹമീദ് തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതുതായി നിയമനം നേടുന്ന വ്യക്തിയ്ക്ക് ബാധകമായ നിയമങ്ങളാണ് പിന്തുടരേണ്ടത്. ടി അദ്ധ്യാപകൻ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല. സ്വയം രാജി വച്ചതിനാൽ 51 എ അവകാശി അല്ല. കെ.ഇ.ആർ ചട്ടം 49, 52 പ്രകാരമോ Termination of vacancies കാരണമോ റിലീവ് ചെയ്യപ്പെട്ട വ്യക്തിയല്ല.

6. പരാമർശം 1 ഉത്തരവിലെ ഖണ്ഡിക (ii) പ്രകാരം, ഉത്തരവ് തീയതിയായ 25/07/2012 വരെയുള്ള 51 എ, 51ബി അവകാശികളെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.ശ്രീ. ഹമീദ് തസ്തിക നഷ്ടവും സംഭവിച്ച് പുറത്ത് പോയതല്ല മറിച്ച് രാജി വെച്ചതാണ്. ആയതിനാൽ തന്നെ ടിയാന് അതുവരെ സിദ്ധിച്ച ആനുകൂല്യങ്ങൾ എല്ലാം തന്നെ നഷ്ടമാകും. അതിനാൽ ടിയാൻ ഒരു 51 എ അവകാശിയല്ല. 09-07-2018 ലെ നിയമനം ഒരു പുതിയ നിയമനമായി മാത്രമേ കണക്കാക്കാൻ സാധിക്കൂ.

7. മേൽ സാഹചര്യത്തിൽ പരാമർശം 1 റിവിഷൻ ഹർജിയിലെ കുറുവന്തേരി യു.പി. സ്കൂളിൽ അറബിക് അദ്ധ്യാപകനായ ശ്രീ. ഹമീദ് നെ കെ-ടെറ്റ് നേടുന്നതിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നാദാപുരം, കല്ലാച്ചി.
ശ്രീ. ഹമീദ്, കുറുവന്തേരി യു പി സ്കൂൾ, നാദാപുരം, കോഴിക്കോട്.
മാനേജർ, കുറുവന്തേരി യു പി സ്കൂൾ, നാദാപുരം, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 17-01-2022 16:55:12
Reason: Approved

സെക്ഷൻ ഓഫീസർ